KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.38/PR/PIC/PHQ/17 Date :27.02.2017

## പോലീസ് ആസ്ഥാനത്ത് ഇനി കുടുംബശ്രീ രുചിക്കൂട്ട്

നിയമസഭാ മന്ദിരത്തിനും, സെക്രട്ടേറിയേറ്റിനും പുറമേ ഇനി പോലീസ് ആസ്ഥാനത്തും കുടുംബശ്രീ രുചിക്കൂട്ട്. രുചിവൈവിദ്ധ്യങ്ങളുമായി കുടുംബശ്രീയുടെ പുതിയ ക്യാന്റീൻ 'കഫേശ്രീ' പോലീസ് ആസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചു. പോലീസ് ഹെഡ്ക്വാർട്ടേഴ്സിലെ എണ്ണൂറോളം ജീവനക്കാർക്കും, സന്ദർശകർക്കും കൂടുതൽ ഗുണനിലവാരവും ആരോഗ്യത്തിനു ഹാനികരമാകാത്തതുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായാണ് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റയുടെ നിർദ്ദേശപ്രകാരം പുതിയ ക്യാന്റീൻ ആരംഭിച്ചത്. രാവിലെ 7.30 മണിമുതൽ വൈകീട്ട് 5.30 മണിവരെയാണ് പ്രവർത്തന സമയം. വിളപ്പിൽശാല കുടുംബശ്രീ യൂണിറ്റിന്റെ നേതൃത്വത്തിൽ പന്ത്രണ്ട് സ്റ്റാഫംഗങ്ങളാണ് പുതിയ ക്യാന്റീനിലുള്ളത്. നിലവിലുള്ള ക്യാന്റീൻ കെട്ടിടം ആകർഷകമായ ഡിസൈനിൽ പരിഷ്കരിച്ചാണ് പുതിയ ക്യാന്റീനായി നൽകിയിട്ടുള്ളത്.

സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ പുതിയ ക്യാന്റീനിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. എ.ഡി.ജി.പി മാരായ അനിൽകാന്ത്, സുധേഷ് കുമാർ, ഐ.ജി മാരായ മനോജ് എബ്രഹാം, എസ്. സുരേഷ്, ഡി.ഐ.ജി ഷെഫീൻ അഹമ്മദ്, എസ്.പി മാരായ രാഹുൽ ആർ നായർ, കാളിരാജ് മഹേഷ് കുമാർ, ഹരിശങ്കർ, എം. മുഹമ്മദ് ഷബീർ, വി. ഗോപാൽ കൃഷ്ണൻ, സാബു പി.എസ്, കെ.അജിത്ത്, എൻ. വിജയകുമാർ, ഹെഡ്ക്വാർട്ടേഴ്സ് ഡെപ്യൂട്ടി കമാണ്ടന്റ് നജീബ് മുഹമ്മദ് തുടങ്ങിയവർ പങ്കെടുത്തു.

******